## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3012 — 10-05-2017 ൽ മറുപടിയ്ക്ക്

## ഫയർ ആന്റ് റെസ്ക്യൂ ഓഫീസിൽ തീർപ്പാകാത്ത എൻ.ഒ.സിയുമായി ബന്ധപ്പെട്ട കേസ്സുകൾ

| | ചോദ്യം<br>**ശ്രീ.കെ.ദാസൻ** | | മറുപടി<br>**ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
|---|---|---|---|
| എ) | ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട് മെന്റ് കമാന്റന്റ് ജനറലിന്റെ ഓഫീസിൽ തീർപ്പാവാതെ കിടക്കുന്ന എൻ. ഒ. സി. യുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ നിലവിലുണ്ട് എന്നത് ജില്ല തിരിച്ച് വിശദമാക്കാമോ; | എ) | കോട്ടയം - 1, എറണാകുളം - 5, കണ്ണൂർ - 1, തൃശ്ശൂർ - 9 എന്നിങ്ങനെ 16 കേസുകൾ നിലവിലുണ്ട്. |
| ബി) | എൻ. ഒ. സി. നൽകിയിട്ടില്ലാത്ത കേസ്സുകൾ ഓരോന്നിന്റെയും സ്വഭാവം വിശദമാക്കുമോ; ഇതിൽ നിസ്സാര കാരണങ്ങൾ കാരണം എൻ.ഒ.സി. നിരാകരിച്ച കേസ്സുകൾ എത്രയുണ്ട്; ഇത്തരം കേസ്സുകളുടെ വിശദാംശം ലഭ്യമാക്കാമോ; | ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. നിസാര കാരണങ്ങൾ മൂലം എൻ.ഒ.സി. നിരസിച്ചിട്ടില്ല. കേരള മുനിസിപ്പൽ / പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, നാഷണൽ ബിൽഡിംഗ് കോഡ് എന്നിവയിലെ ചട്ടങ്ങൾ ലംഘിക്കപ്പെടുമ്പോഴാണ് അപേക്ഷ കൾ നിരസിച്ചിട്ടുള്ളത്. |
| സി) | നിസ്സാര കേസ്സുകൾ ക്രമവത്ക്കരി ക്കുന്നത് സർക്കാരിന്റെ പരിഗണന യിലുണ്ടോ? | സി) | നിസാര കാരണങ്ങളാൽ എൻ.ഒ.സി. അപേക്ഷകൾ നിരസിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | കേസ് നമ്പർ | പരാതിക്കാരൻ | കേസ് വിവരങ്ങൾ |
|---|---|---|---|
| 1 | WP(C)No.2986/ 2010 | ശ്രീ.പി.എ.ജിഹാസ് | ശ്രീ.പി.എ.ജിഹാസ് എന്ന വ്യക്തിയുടെ റസിഡൻഷ്യൽ ബിൽഡിംഗിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ അപേക്ഷ നിരസിക്കുകയും എൻ.ഒ.സി. ലഭിക്കുന്നതിന് കേസ് ഫയൽ ചെയ്യുകയും 21.03.2016 ലെ വിധിന്യായമനുസരിച്ച് അപാകതകൾ പരിഹരിച്ച് അപേക്ഷ വീണ്ടും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| 2 | WP(C)No.32491 /2014 & WP(C)No.24986 /2016 | മെ.പീവീസ് പ്രോജക്ട് പ്രൈ. ലിമിറ്റഡ്. | 40.60 മീറ്റർ ഉയരമുള്ള അസംബ്ലി വിഭാഗത്തിൽപ്പെട്ട കെട്ടിടത്തിന് നാഷണൽ ബിൽഡിംഗ് കോഡ് പാർട്ട്-4 ടേബിൾ 23 നോട്ട് 12, കെ.എം.ബി.ആർ. റൂൾ 55 (8 എ) എന്നിവയിലെ ലംഘനം കാരണം എൻ.ഒ.സി. നിരസിച്ചു. |
| 3 | WP(C)No.34115 /2016 | ടിക്കാർ ഒലീന റെസിഡൻസ് അസോസിയേഷൻ | കെ.എം.ബി.ആർ. പ്രകാരം കെട്ടിടത്തിലേക്കാവശ്യമായ വീതിയുള്ള ആക്സസ് റോഡ് ഇല്ലാത്തതിനാൽ അപേക്ഷ നിരസിച്ചു. |
| 4 | WP(C)No.39391 /2016 | മെ.ട്രിനിറ്റി ആർക്കേഡ് പ്രൈവറ്റ് ലിമിറ്റഡ് | കെ.എം.ബി.ആർ. റൂൾ 33, 116 എന്നിവ പ്രകാരം കെട്ടിടത്തിലേക്കാവശ്യമായ വീതിയുള്ള ആക്സസ് റോഡ് ഇല്ലാത്തതിനാൽ അപേക്ഷ നിരസിച്ചു |
| 5 | WP(C)No.6722/ 2017 | ശ്രീ.സി.രാമചന്ദ്രൻ | കെ.എം.ബി.ആർ. 116 & 117 പ്രകാരം കെട്ടിടത്തിലേക്കാവശ്യമായ വീതിയുള്ള ആക്സസ് റോഡ് ഇല്ലാത്തതിനാലും ആവശ്യമായ തുറസ്സായ സ്ഥലം സ്ഥാപിക്കാത്തതിനാലും അപേക്ഷ നിരസിച്ചു. |
| 6 | WP(C)No.7620/ 2017 | മെ.ദേശായി ഹോംസ് | കെ.എം.ബി.ആർ. റൂൾ 33, 116 എന്നിവ പ്രകാരം കെട്ടിടത്തിലേക്കാവശ്യമായ വീതിയുള്ള ആക്സസ് റോഡ് ഇല്ലാത്തതിനാൽ അപേക്ഷ നിരസിച്ചു. |
| 7 | WP(C)No.13367 /2017 | ശ്രീ.കട്ടൻ മുസ്തഫ | കെട്ടിടത്തിൽ സ്ഥാപിക്കേണ്ട സ്റ്റെയർ കെയ്സ് സംബന്ധിച്ച കാരണത്താൽ എൻ.ഒ.സി. നിരസിച്ചു. |

| | | | |
|---|---|---|---|
| 8 | WP(C)No.17615 -U2015 | ശ്രീ.ഉണ്ണികൃഷ്ണ മേനോൻ | പണിത കെട്ടിടം 1999 ലെ കെ.എം.ബി.ആർ. വകുപ്പ് 39 പാലിക്കുന്നില്ല. |
| 9 | WP(C)No.22294 /2016 | ശ്രീ.ജോ ലൂയിസ് | Clear motorable open space ന്റെ വീതി 5 മീറ്ററിൽ താഴെയാണ്. ഇത് പര്യാപ്തമല്ല. നിലവിലുള്ള Staircase External ആയി പരിഗണിക്കുവാൻ സാധിക്കുകയില്ല. |
| 10 | WP(C)No.22282 /2016 | ശ്രീ.സിദ്ധി ലീയോ | Clear motorable open space ന്റെ വീതി 5 മീറ്ററിൽ താഴെയാണ്. ഇത് പര്യാപ്തമല്ല. നിലവിലുള്ള Staircase External ആയി പരിഗണിക്കുവാൻ സാധിക്കുകയില്ല. |
| 11 | WP(C)No.23298 /2016 | മെ.കോൺഫിഡൻറ് ഗ്രൂപ്പ് | പണിത കെട്ടിടം 1999 ലെ കെ.എം.ബി.ആർ. വകുപ്പ് 39 പാലിക്കുന്നില്ല. |
| 12 | WP(C)No.26253 /2016 | ശ്രീ. എം. ആർ. ഫ്രാൻസിസ് | പണിത കെട്ടിടം 1999 ലെ കെ.എം.ബി.ആർ. വകുപ്പ് 39, 42 എന്നിവ പാലിക്കുന്നില്ല. |
| 13 | WP(C)No.27199 /2016 | ശ്രീ.ഔസേപ്പ് & അജി ജോസഫ് | പണിത കെട്ടിടം 1999 ലെ കെ.എം.ബി.ആർ. വകുപ്പ് 39, 42 എന്നിവ പാലിക്കുന്നില്ല. |
| 14 | WP(C)No.30350 /2016 | ശ്രീമതി.സുബൈദ | പണിത കെട്ടിടം 1999 ലെ കെ.എം.ബി.ആർ. വകുപ്പ് 39 പാലിക്കുന്നില്ല, Gap of Baluster 10 CM നെക്കാൾ കൂടുതലാണ്. |
| 15 | WP(C)No.34430 /2016 | ശ്രീ.ഉമ്മർ ഫാറൂഖ് | പണിത കെട്ടിടം 1999 ലെ കെ.എം.ബി.ആർ. വകുപ്പ് 39 പാലിക്കുന്നില്ല. |
| 16 | WP(C)No.37032 /2016 | ശ്രീമതി.ചന്ദ്രിക ഹർഷൻ | പണിത കെട്ടിടം 1999 ലെ കെ.എം.ബി.ആർ. വകുപ്പ് 39 പാലിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ